## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1760 31.01.2018 ൽ മറുപടിയ്ക്ക്

### കേരളത്തിലെ നഗരസഭകളിലെ ജീവനക്കാര്യം

ചോദ്യം ഉത്തരം

ശ്രീ. മോൻസ് ജോസഫ്

ഡോ. കെ.റ്റി. ജലീൽ
ബഹു. തദ്ദേശ സ്വയംഭരണവും
ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ്
തീർത്ഥാടനവും വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ ആനുപാതികമായി റവന്യൂ ഓഫീസർ, സൂപ്രണ്ട്, റവന്യൂ ഇൻസ്പെക്ടർ, ഹെഡ്ക്ലാർക്ക് എന്നീ തസ്തികകൾ അനുവദിക്കാത്തതുമൂലം നഗരസഭകളുടെ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളതും ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭിക്കാത്തതുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഗ്രേഡ് ഉയർത്തിയ നഗരസഭകൾക്ക് അധികമായി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നഗരകാര്യഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| ബി) | ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ അധിക തസ്തികകൾ അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പഞ്ചായത്ത് , നഗരസഭകൾ എന്നിവ ഏകീകരിച്ച് തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുമെന്ന് വകുപ്പ് മന്ത്രി പറഞ്ഞത് എത്രത്തോളം പ്രാവർത്തികമായിട്ടുണ്ട്; നാളിതുവരെയുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; | (സി) | തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ചുകൊണ്ട് പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് സർക്കാരിന്റെ 27.12.2016-ലെ സ.ഉ. (കൈ) 198/16/ തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷനെ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 27.01.2018 ലെ സ.ഉ. (കൈ) 10/2018/ തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പൊതുസർവ്വീസ് രൂപീകരിച്ചുകൊണ്ടും തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറി ശ്രീ. എ അജിത്കുമാർ ഐ എ എസ് -നെ ഏകോപിത തദ്ദേശ സ്വയംഭരണവകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറായി ചുമതല നൽകിയിട്ടുമുണ്ട്. |
| (ഡി) | ജീവനക്കാർ പെൻഷൻ ആകുന്നതുമൂലം ഉണ്ടാകുന്ന തസ്തികകളിലേയ്ക്ക് സമയബന്ധതമായി പ്രമോഷൻ അനുവദിക്കാത്തതുമൂലം ജീവനക്കാർക്കുണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ഡി) | ഇല്ല.<br>ജീവനക്കാർ പെൻഷൻ ആകുന്നതുമൂലം ഉണ്ടാകുന്ന തസ്തികകളിലേയ്ക്ക് സമയബന്ധിതമായി ഉദ്യോഗക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ഇ) | 2018 മെയ് 31 വരെയുള്ള കണക്കു പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിൽ നിലവിൽ എത്ര ഹെഡ് ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ തസ്തികകൾ ഉണ്ടാകും എന്നറിയിക്കാമോ; ഇതിൽ എത്ര ഒഴിവുകൾ നികത്തി എന്ന് വ്യക്തമാക്കാമോ? | (ഇ) | 2018 മെയ് 31 വരെയുള്ള കണക്കുപ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിൽ 35 ഹെഡ്ക്ലാർക്ക് / റവന്യൂ ഇൻസ്പെക്ടർ തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. |

**സെക്ഷൻ ഓഫീസർ**